**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1694** **08-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവകലാശാല പാഠ്യപദ്ധതിയിൽ ആർ.എസ്.എസ് ആശയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . എൻ . ഷംസുദ്ദീൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെങ്കിലും സർവകലാശാലയിൽ ഹിന്ദുത്വ ആശയങ്ങൾ പ്രചരിപ്പിക്കുന്ന വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയതായ പരാതികൾ ഉണ്ടായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കണ്ണൂർ സർവ്വകലാശാലയുടെ എം.എ ഗവേണൻസ് ആന്റ് പൊളിറ്റിക്സിന്റെ സിലബസിൽ പ്രസ്തുത ആശയങ്ങൾ ഉൾപ്പെടുന്ന പുസ്തകങ്ങൾ ഉൾപ്പെടുത്തിയ കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | സർവകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് നിലവിൽ ഇല്ലാതിരുന്ന സാഹചര്യത്തിൽ ഒരു നാലംഗ വിദഗ്ധ സമിതിയെ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സ് പ്രോഗ്രാമിന്റെ സിലബസ് തയ്യാറാക്കാനായി നിയോഗിക്കുകയും പ്രസ്തുത സമിതി തയ്യാറാക്കി നൽകിയ സിലബസ് സർവകലാശാല അംഗീകരിക്കുകയുമാണ് ഉണ്ടായത്. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട വിവാദങ്ങളെക്കുറിച്ച് പഠിക്കാൻ സർവകലാശാല ഒരു രണ്ടംഗ സമിതിയെ നിയോഗിച്ചിരുന്നു. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയുടെ പൊളിറ്റിക്കൽ സയൻസ് (കംമ്പയിൻഡ്) ബോർഡ് ഓഫ് സ്റ്റഡീസ് സമ്മേളിക്കുകയും സിലബസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | മതേതര ആശയങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ കണ്ണൂർ സർവകലാശാല പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ സർവകലാശാല അധികൃതരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. സിലബസ് സമഗ്രവും സന്തുലിതവുമല്ല എന്ന അഭിപ്രായം സർവ്വകലാശാലയോട് ആശയ വിനിമയം ചെയ്തിരുന്നു. വിഷയം വൈകാരിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒന്നാണ് എന്നതിനാൽ സൂക്ഷിച്ച് കൈകാര്യം ചെയ്യണമെന്ന് സൂചിപ്പിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ